DESPATCHED
On..12/05/19........



Lalith Babu www.rtiexpert.com

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ CP. 1022(2)/2017/എസ്.ഐ.സി**
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
(ഫയൽ നം. 12152/എസ്.ഐ.സി-ജി 6/2017)
**സന്നിഹിതൻ**
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ. മനോജ് ഡി.രാജ്,
സിദ്ധാർത്ഥ്, CRRA – 17,
കോൺവെന്റ് റോഡ്,
ആലുംമൂട്, നെയ്യാറ്റിൻകര,
പിൻ – 695 121.
} പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സോമർവെൽ മെമ്മോറിയൽ മെഡിക്കൽ കോളേജ്,
കാരക്കോണം.
} എതിർകക്ഷി

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ പരാതി ഹർജിക്കാരനായ ശ്രീ.മനോജ് ഡി.രാജ്, 02.09.2017 തീയതി സമർപ്പിച്ച പരാതി ഹർജി 13.09.2017ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.1022(2)/17/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് യാതൊരു മറുപടിയും നാളിതുവരെ ലഭ്യമായി ല്ലെന്നും ആയത് ലഭ്യമാക്കണമെന്നും വിവരങ്ങൾ നൽകാത്ത എതിർകക്ഷിയ്ക്കെതിരെ നിയമം അനുശാസിക്കുന്ന ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നുമാണ്.

o/c

3. പരാതി ഹർജിക്കാരൻ 13.07.2017ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ചിരുന്ന അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടി സ്ഥാപനത്തിൽ 2012-2016 അദ്ധ്യയന വർഷത്തിൽ ബി.എസ്.സി. നഴ്സിംഗ് കോഴ്സിന് പഠിച്ചിരുന്ന അജ്ഞിത ബി.എസ്. എന്ന വിദ്യാർത്ഥിനിയുടെ ചില വിവരങ്ങളാണ്. ആയതിന് യാതൊരു മറുപടിയും ലഭിക്കാത്തതിനാൽ അപേക്ഷാ ഫീസായി 10/- രൂപയുടെ കോർട്ട് ഫീസ് സ്റ്റാമ്പ് ഒട്ടിച്ചിരുന്നത് ഒരു സ്വാശ്രയ സ്ഥാപനമായ ടി കോളേജിന് സ്വീകാര്യമാകാത്തതിനാലാകാം മറുപടി നൽകാത്തത് എന്ന അനുമാനത്തിൽ 23.05.2017ന് 10/- രൂപ ഡി.ഡി.യായി അയച്ചുകൊടുക്കുകയും ടിയാൻ ആവശ്യപ്പെട്ട രേഖകൾ അയച്ചു നൽകാൻ ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ നൽകിയില്ലെന്നാണ്.

4. 31.01.2019 തീയതി കമ്മീഷൻ ആസ്ഥാനത്തു വച്ചു നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരൻ ഹാജരായിരുന്നു. എതിർകക്ഷി ഹിയറിംഗിന് മുമ്പ് ഹാജരായി ടി സ്ഥാപനം ഒരു പൊതുഅധികാര സ്ഥാപനമല്ല എന്നും ഒരു സ്വാശ്രയ കോളേജായ ടി സ്ഥാപനം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല എന്നും കമ്മീഷൻ മുമ്പാകെ മൊഴി നൽകി. എന്നാൽ ടി കാരണം രേഖപ്പെടുത്തി ഹർജിക്കാരന് മറുപടി നൽകാമായിരുന്നു എന്ന് കമ്മീഷൻ വിലയിരുത്തുന്നു. എന്നിരുന്നാലും ഈ പരാതി ഹർജിയിൽ കൂടുതൽ ഇടപെടലുകൾ ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2019 മാർച്ച് 5-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി(ഫിനാൻസ്)**

Lalith Babu www.rtiexpert.com